

# Deborah - The woman who was a fearless patriot) (Judges (4:1-16)

യോശുവയുടെ മരണശേഷം യിസ്രായേൽ മക്കളെ ന്യായപാലനം ചെയ്യുവാൻ ദൈവം എഴുന്നേൽപിച്ച ധീരവനിതയാണ് ലപ്പീദോത്തിന്റെ ഭാര്യയായ ദെബോര. ദൈവം തന്റെ ദൗത്യത്തിനായി സ്ത്രീകളെയും ഉപയോഗിച്ചിരുന്നു എന്ന് ഇന്നത്തെ ആത്മീയലോകം ന്യായാ:4-ാം അദ്ധ്യായം പഠിച്ചാൽ മനസ്സിലാകുന്നതാണ്. മിര്യാമിനുശേഷം തിരുവചനത്തിൽ കാണുന്ന ഒരു പ്രവാചകിയാണ് ദെബോര. വിവേകവും ,ധൈര്യവും, ഭരണതന്ത്രജ്ഞതയും , ഭാഷാനിപുണതയും ഉള്ള സ്ത്രീ രത്നമായിരുന്നു ഈ പ്രവാചകി.

ഏഹൂദിന്റെ മരണശേഷം യഹോവയ്ക്ക് അനിഷ്ടമായുള്ള പ്രവർത്തികൾ ചെയ്ത യിസ്രായേൽ ജനതയെ ഇരുപതു സംവത്സരം കനാന്യരാജാവായ യാബീന് വിറ്റു. "യിസ്രായേൽ എന്നെ കൂട്ടാക്കിയതുമില്ല. അതുകൊണ്ട് അവർ സ്വന്ത ആലോചനപ്രകാരം നടക്കേണ്ടതിന് ഞാൻ അവരെ ഹൃദയകാഠിന്യത്തിന് ഏല്പിച്ച് കളഞ്ഞു" (സങ്കീ 81:11,12) വചനം പറയുന്നു. തന്റെ ജനത്തിന്റെ നിലവിളി കേട്ട ദൈവം ദെബോരയെ എഴുന്നേൽപിച്ചു. കുടുംബജീവിതം നയിച്ച ഈ പ്രവാചകിയെപ്പറ്റി പഠിക്കുന്നത് സഹോദരിമാർക്ക് ഒരു പ്രോത്സാഹനം ആകട്ടെ.

**1. സാമർത്ഥ്യമുള്ള ഭർത്തൃസ്നേഹിയായ ഭാര്യ**

തന്റെ ആയുഷ്ക്കാലമൊക്കെയും അവന് തിന്മയല്ല നന്മ തന്നേ ചെയ്യുന്നതും, ഭർത്താവിനാൽ എല്ലാ സ്ത്രീകളെക്കാളും ശ്രേഷ്ഠ എന്ന് പ്രശംസിക്കപ്പെടുന്നതും ,യഹോവഭക്തിയുള്ള സ്ത്രീ മാത്രമാണ്. ദൈവം ഉപയോഗിക്കുന്ന തന്റെ ഭാര്യയെ നോക്കി സൗമ്യതയോടെ, പ്രോത്സാഹനം ചെയ്യുന്ന ഒരു നല്ല ഭർത്താവായി ലെപ്പിദോത്ത് ജീവിച്ചു. കുടുംബനാഥന് എല്ലാ ബഹുമാനവും മാന്യതയും നൽകുന്നതോടൊപ്പം തന്നോട് ഇടപെടുന്നവർക്ക് സമാധാനവും നൽകുന്ന ഒരു സമർത്ഥയായിരുന്നു ദെബോര.

"ഉത്തമയായ സ്ത്രീ ഭർത്താവിന് ഒരു കിരീടം ആകുന്നു" **(സദൃ:12:4)**

**2. യഹോവയുടെ വാക്കുകൾ പ്രതിവചിക്കുന്ന പ്രവാചകി (ന്യായാ:4:5,6)**

യിസ്രായേലിന്റെ തകർച്ചയുടെ സമയത്ത് ദൈവത്തിന്റെ ദൂതുമായി രംഗപ്രവേശനം ചെയ്ത പ്രവാചകിയാണ് ദെബോര. കനാന്യരുടെ പീഢയിൽ നിന്ന് യിസ്രായേലിനെ രക്ഷിപ്പാൻ തീരുമാനം എടുത്തവൾ, വിശ്വാസവീര്യം അവരിലേക്ക് പകരുവാൻ

തീരുമാനിച്ചു. ദൈവജനത്തെ രക്ഷിപ്പാൻ ദൈവം ഈ പ്രവാചകിയെ ധൈര്യപ്പെടുത്തി.

3. **ജ്ഞാനമുള്ള ഭരണാധികാരി**

"യഹോവയല്ലോ ജ്ഞാനം നൽകുന്നത്, അവന്റെ വായിൽ നിന്ന് പരിജ്ഞാനവും വിവേകവും വരുന്നു"

(സദൃ:2:6)

പല ന്യായാധിപൻമാരേയും ലജ്ജിപ്പിക്കുന്ന അസാമാന്യ ബുദ്ധിശക്തിയും വിവേകവുമുള്ള ഭരണ നിപുണ ആയിരുന്നു ദെബോരാ.

**4. പോരാളിയായ സ്ത്രീ**



വാൾ കയ്യിലേന്തിയ വീറോടെ പടക്കളത്തിലേയ്ക്ക് പോയ ഒരു നല്ല പോരാളിയാണ് ഇവൾ. യുദ്ധത്തിന് ബാരാക്കിനും,കൂട്ടർക്കും ധൈര്യം നൽകി അവൾ കൂടെയുണ്ടായിരുന്നു.കാരണം യഹോവ മുമ്പേ പോയിട്ടുണ്ടെന്ന് അവൾ വിശ്വസിച്ചിരുന്നു.യഹോവ കൂടെ ഇരുന്നതിനാൽ അവൻ ചെയ്തതൊക്കെയും സഫലമായി(ഉല്പത്തി 29:33) അതുപോലെ ദെബോരയോടുകൂടെ യഹോവ

ഉണ്ടായിരുന്നതിനാൽ അവൾ പറഞ്ഞതൊക്കെയും സഫലമായി.യഹോവ കൂടെയിരിപ്പാനുള്ള യോഗ്യത നമുക്കുണ്ടോ?

**5. പാട്ടുകാരിയായ പ്രവാചകി**

ജീവിതവിജയം ലഭിക്കുന്നവർക്കുള്ളതാണ് പാട്ട്, ദൈവം നടത്തിയ വഴിയെ തിരിഞ്ഞുനോക്കി മോശയും യിസ്രായേൽ മക്കളും സങ്കീർത്തനം പാടി യഹോവയെ മഹത്വപ്പെടുത്തി. ഗോല്യാത്തിനെ ദാവീദ് തോല്പിച്ചപ്പോൾ യിസ്രായേലിലെ സ്ത്രീകൾ പാടി. ദൈവീക നിർദ്ദേശപ്രകാരം മോശ പാട്ടെഴുതി യിസ്രായേൽ ജനത്തെ പഠിപ്പിച്ചു. യേശുവിന്റെ ജനനത്തിൽ മാലാഖമാർ പാടി. ഇതുപോലെ ശത്രുവിനെ തോല്പിക്കുവാൻ സഹായിച്ച ദൈവത്തെ ദെബോരയും, ബാരാക്കും പാടിസ്തുതിച്ചു. (ന്യായാ:5)

**6. യിസ്രായേലിന്റെ ആത്മീകമാതാവ് (ന്യായാ:5:7)**

താഴ്മയും , വിനയവും ഉള്ള ഈ മാതാവിന് ലോകപ്രകാരം മക്കളില്ലായിരുന്നു.എന്നാൽ യിസ്രായേൽജനത്തിന് ഭൗതീകവും ആത്മീയവുമായ ഭക്ഷണം നൽകി അവരുടെ ഒരു നല്ല ആത്മീക മാതാവായി അവൾ ജീവിച്ചു. തേനീച്ചയെപ്പോലെ ചുറുചുറുക്കോടെ അലസത ഇല്ലാതെ പലരേയും സഹായിച്ച ധീരവനിതയാണ് ദെബോര. സ്ത്രീയെ അവഗണിക്കുന്ന സമൂഹം നമുക്കുമുമ്പിൽ വഴി അടയ്ക്കുമ്പോൾദൈവം പുതുവഴി തുറക്കുന്നു. അതിനാൽ ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിപ്പാൻ സഹോദരിമാർ തയ്യാറാകുക. ദൈവം നിങ്ങളെ ബലപ്പെടുത്തി അനുഗ്രഹിക്കട്ടെ.


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind